# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2904** **15/02/2013 ൽ മറുപടിക്ക്**

## 'എസ്.എസ്.എ പദ്ധതിയിലൂടെ നടക്കുന്ന പ്രവർത്തനങ്ങൾ'

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എം.ആരിഫ്: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | വിദ്യാഭ്യാസ വകുപ്പിൽ എസ്.എസ്.എ പദ്ധതിയിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടക്കുന്നത്; എസ്.എസ്.എയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | എ) | വിദ്യാഭ്യാസ വകുപ്പിൽ എസ്.എസ്.എ പദ്ധതിയിലൂടെ നടക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. എസ്.എസ്.എ യുടെ പ്രവർത്തനം എല്ലാവർഷവും പുറമേ നിന്നുള്ള ഏജൻസിയായ സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് വിലയിരുത്തുകയും കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന് റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്നുണ്ട്. |
| ബി) | ഈ സർക്കാർ എസ്.എസ്.എ യിൽ നിന്ന് ജീവനക്കാരെ പിരിച്ചുവിടുകയുണ്ടായോ; എങ്കിൽ, എത്ര പേരെ ഏതെല്ലാം തസ്തികയിൽ നിന്നുമാണ് പിരിച്ചുവിട്ടത് എന്ന് വ്യക്തമാക്കാമോ; | ബി) | ഉണ്ട്, പ്യൂൺ, ഡ്രൈവർ, ക്ലർക്ക് തുടങ്ങിയ വിവിധ തസ്തികകളിൽ ജോലി ചെയ്തിരുന്ന 22 കരാർ ജീവനക്കാരെയും 140 ദിവസവേതനാടിസ്ഥാനത്തിലുള്ള ജീവനക്കാരെയും പിരിച്ചു വിട്ടിട്ടുണ്ട്. |
| സി) | ഈ സർക്കാർ എസ്.എസ്.എ യിൽ ആരെയൊക്കെ ഏതെല്ലാം തസ്തികകളിൽ പി.എസ്.സി. വഴിയല്ലാതെ നിയമിച്ചു എന്ന് വെളിപ്പെടുത്തുമോ; എസ്.എസ്.എ. യിലെ നിയമനങ്ങളുമായി ബന്ധപ്പെട്ട് പരാതി ഉയർന്നിട്ടുണ്ടോ; | സി) | എസ്.എസ്.എ. യിലെ നിയമനം പി.എസ്.സി. വഴിയല്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എസ്.എസ്.എയിൽ പ്യൂൺ, ക്ലർക്ക്, അക്കൗണ്ടന്റ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, റിസോഴ്സ് അധ്യാപകർ എന്നിങ്ങനെ വിവിധ തസ്തികകളിലായി കരാർ അടിസ്ഥാനത്തിൽ 803 ജീവനക്കാരെയും ദിവസവേതനാടിസ്ഥാനത്തിൽ 149 ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. നിയമനവുമായി ബന്ധപ്പെട്ട് സംസ്ഥാന ഓഫീസിൽ പരാതി ലഭിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | 2011-2012, 2012-2013 സാമ്പത്തിക വർഷത്തിൽ എസ്.എസ്.എയ്ക്ക് കേന്ദ്രത്തിൽ നിന്നും അനുവദിച്ച ഫണ്ട് എത്രയായിരുന്നു; രണ്ടു വർഷങ്ങളിലും അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുക ലാപ്സായി എന്ന് വ്യക്തമാക്കാമോ; ഇതിനുള്ള കാരണം അറിയിക്കാമോ? | ഡി) | എസ്.എസ്.എ പദ്ധതിക്ക് 2011-12 വർഷത്തിൽ കേന്ദ്ര സർക്കാർ 476 കോടി രൂപയും 2012-13 വർഷത്തിൽ 523 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഫണ്ട് മുഴുവൻ ചെലവഴിക്കാൻ സാധിച്ചിട്ടില്ല. 2011-12 ൽ 476 കോടി രൂപ അനുവദിച്ചെങ്കിലും 428.96 കോടി മാത്രമേ ലഭിച്ചുള്ളൂ. 2011-12 ൽ 262.19 കോടി രൂപ ചെലവഴിച്ചു. ലാപ്സായത് 166.77 കോടി രൂപയാണ്. ഹെഡ്ടീച്ചേഴ്സിനേയും പാർട്ട്ടൈം ടീച്ചേഴ്സിനേയും നിയമിക്കാത്തതുകൊണ്ട് 156 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. 2012-13 ൽ 31.1.2013 വരെ 262.09 കോടി രൂപ ചെലവഴിച്ചു. 2012-13 ലെ വരവുചെലവുകണക്കുകൾ മാർച്ച് 31 ന് മാത്രമേ പൂർത്തിയാകുകയുള്ളൂ. ആയതിനാൽ ലാപ്സായതിന്റെ കണക്കുകൾ ഇപ്പോൾ ലഭ്യമാക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ